*➪ ഈ യുദ്ധം കൂടുതൽ രൂക്ഷമായിരിക്കുകയാണ് ➪*

# കേരളത്തിന്റെ ആന്റി സോഷ്യൽ നെറ്റ്‌വർക്ക്

വിദ്വേഷികളായ പുരുഷപ്പടകൾ ഫേസ്ബുക്കിൽ തുറന്നെഴുതുന്ന സ്ത്രീകളെ റിപ്പോർട്ട് ചെയ്ത് നിശ്ശബ്ദരാക്കുന്ന സംഭവങ്ങൾ ഒന്നിനുപുറകെ മറ്റൊന്നായി ഉയർന്നുകൊണ്ടിരിക്കുകയാണ്. മാധ്യമപ്രവർത്തകയായ വി.പി. റജീനയുടെ പ്രൊഫൈൽ ബ്ലോക്ക് ചെയ്ത സംഭവം പല കാരണങ്ങളാലും ശ്രദ്ധിക്കേണ്ട ഒന്നാണ്.

**ജെ. ദേവിക**

**സ്ത്രീവിദ്വേഷത്തിന്റെ** പേരിൽ നടന്നുപോരുന്ന കലഹങ്ങൾക്ക് 20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. അങ്ങനെയുള്ള എഴുത്തുകാരികൾ-ലളിതാംബിക അന്തർജ്ജനം മുതൽ മാധവിക്കുട്ടി മുതൽ കെ.ആർ. മീര വരെ-ആരെയും അത് വെറുതെ വിട്ടിട്ടില്ല. അശ്ലീല കവിതകൊണ്ട് തന്റെ കവിതാരചനയെ പരിഹസിച്ചവരെ അതേ നാണയത്തിൽ തിരിച്ചടിച്ച കടത്തനാട്ട് മാധവിയമ്മയെപ്പോലുള്ള കവയിത്രി മലബാറിലുണ്ടായിട്ടുണ്ട്. എന്നാൽ ഇന്ന് ഫേസ്ബുക്ക് പോലെ പ്രചാരം നേടിയ സോഷ്യൽ നെറ്റ്‌വർക്കുകളിൽ സ്ത്രീകൾ വ്യാപകമായി എഴുതിത്തുടങ്ങിയതോടെ ഈ യുദ്ധം കൂടുതൽ രൂക്ഷമായിരിക്കുകയാണ്. വ്യത്യസ്തങ്ങളായ സാമൂഹിക കാഴ്ചപ്പാടുകളും രാഷ്ട്രീയ ആശയങ്ങളുമുള്ള വിദ്വേഷികളായ പുരുഷപ്പടകൾ ഫേസ്ബുക്കിൽ തുറന്നെഴുതുന്ന സ്ത്രീകളെ റിപ്പോർട്ട് ചെയ്ത് നിശ്ശബ്ദരാക്കുന്ന സംഭവങ്ങൾ ഒന്നിനുപുറകെ മറ്റൊന്നായി ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിലൂടെയുള്ള അപവാദങ്ങൾക്കും കൂട്ടത്തോടെ റിപ്പോർട്ട് ചെയ്ത് സ്ത്രീകളുടെ പ്രൊഫൈലുകൾ തടഞ്ഞുവെക്കുന്ന സ്ത്രീവിരുദ്ധതയ്ക്കുമെതിരെ പ്രതികരിക്കുവാൻ ഫേസ്ബുക്കിൽ സജീവമായി ഇടപെടുന്ന മലയാളി സ്ത്രീകൾ ചേർന്ന്, 'ഒരു നല്ല എഫ് ബിക്കായി' എന്ന പേരിൽ ഒരു ക്യാംപെയ്നും തുടങ്ങി.

ഇത്തരത്തിലുള്ള സമീപകാല അനുഭവങ്ങളിൽ, കോഴിക്കോട്ടു നിന്നുള്ള മാധ്യമപ്രവർത്തകയായ വി.പി. റജീനയുടെ പ്രൊഫൈൽ ബ്ലോക്ക് ചെയ്ത സംഭവം പല കാരണങ്ങളാലും ശ്രദ്ധിക്കേണ്ട ഒന്നാണ്. കുട്ടിക്കാലത്ത് പോയിരുന്ന സുന്നി മദ്രസകളിലെ കുട്ടികളോടുള്ള ഉസ്താദുമാരുടെ ലൈംഗിക വൈകൃതങ്ങൾ പരസ്യമാക്കിയ റജീനയുടെ പോസ്റ്റ് വളരെ പെട്ടെന്ന് പ്രചാരം നേടി. ഭയാനകമായ ഭീഷണികൾ മുതൽ 'കേരളത്തിന്റെ സ്വന്തം മലാല' എന്നു തുടങ്ങിയ കളിയാക്കലുകൾ വരെ നീളുന്ന പലരൂപങ്ങളിൽ പ്രതികരണങ്ങളെത്തി. മതത്തിന്റെ ലേബലുകൾ അവകാശപ്പെടാത്ത, അല്പം 'ലിബറൽചിന്ത'യുള്ള മുസ്ലീം സ്ത്രീകൾക്ക് ഇത്തരം പ്രതികരണങ്ങൾ ഒരിക്കലും പുതുമയല്ല. എന്നാൽ റജീന ആ വിഭാഗത്തിൽപ്പെടുന്ന ഒരാളായിരുന്നില്ല. ഇതിനോടെല്ലാമുള്ള റജീനയുടെ പ്രതികരണം തന്നെ ഇങ്ങനെയായിരുന്നു, "വധഭീഷണികൾ, ആക്രോശങ്ങൾ, വിഷംചീറ്റൽ, ശാപവാക്കുകൾ... എല്ലാം തുടരട്ടെ. എനിക്ക് അല്പം പോലും ഭയമില്ല. കാരണം എന്റെ ഭാഗത്താണ് സത്യവും അല്ലാഹു

*⇨ ഈ ഗ്രൂപ്പുകളിൽ നിന്നുള്ള പ്രതിനിധാനങ്ങൾ റജീനയെ തേജോവധം ചെയ്തതിൽ ഒട്ടുമേ ആശ്ചര്യപ്പെടാനില്ല ⇨*



വി.പി. റജീന

വും."പക്ഷെ, അവരെ പിന്തുണച്ചവർക്ക് പലപ്പോഴും വ്യക്തതക്കുറവുള്ളതായി അനുഭവപ്പെട്ടു. അവർ റജീനയുടെ പ്രതിയോഗികളെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. മുസ്ലീം മതത്തിന്റെ, വിശ്വാസത്തിന്റെ, മുസ്ലീം പുരുഷൻമാരുടെ സ്വതസിദ്ധമായ അക്രമത്തിന്റെ തെളിവായാണ് പലരും ഇതിനെ വ്യഖ്യാനിച്ചത്.

സമാനമായ പല സംഭവങ്ങളുടെ ഒരു പശ്ചാത്തലവും റജീനയുടെ അധ്യായത്തിനു മുന്നോടിയായി കേരളത്തിലുണ്ട്. കിസ് ഓഫ് ലവ് സമരവുമായി സഹകരിച്ചിരുന്ന രാഹുൽ പശുപാലൻ പെൺവാണിഭത്തിലുൾപ്പെട്ടതോടെ വലതുചായ്‌വുള്ള പുരുഷൻമാരും മതാന്ധന്മാരും സമരത്തിലുൾപ്പെട്ടിരുന്ന സ്ത്രീകളെ പഴിച്ചും അസഭ്യം പറഞ്ഞും രംഗത്തെത്തി. കോഴിക്കോട്ട് തന്നെയുള്ള ഫാറൂഖ് കോളേജിൽ ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരിക്കാൻ ആവശ്യപ്പെട്ടതും അധ്യാപകർ അനുവദിക്കാതിരുന്നതും പിന്നീട് അവരെ സസ്പെന്റ് ചെയ്തതുമെല്ലാം സിവിൽസമൂഹത്തിൽ നിന്നും വമ്പിച്ച പ്രതിഷേധത്തിനിടയാക്കി.

റജീനയുടെ അനുഭവം, മതത്തിനും സമുദായത്തിനുമപ്പുറം നമ്മുടെ സമൂഹത്തിൽ ജീവിക്കുന്ന പുരുഷൻമാരുടെ വർദ്ധിച്ച നികൃഷ്ടതയ്ക്കും അസഹിഷ്ണുതക്കും ഉത്തമോദാഹരണമായാണ് വായിക്കപ്പെട്ടത്. എന്നാൽ ഇത് പാതി സത്യവും കേവലകാപട്യത്തേക്കാൾ അപകടകരവുമാണ്. കേരളത്തിന്റെ സാമുദായിക മുന്നേറ്റങ്ങളിൽ നിലനിന്നിരുന്ന രൂഢമൂലമായ, ലിംഗസമത്വരഹിതമായ സാമൂഹിക-കുടുംബ-സാമുദായിക കാഴ്ചപ്പാടുകളെ ഈ പാതിസത്യം ഉൾക്കൊള്ളുന്നില്ല. പുരുഷൻമാർ തന്നെയാണ് ഇത്തരം ഹിംസകൾക്ക് പുറകിലെന്നതിന് സംശയമില്ല. കാലപ്പഴക്കം ചെന്ന സാമുദായിക വെളിപാടുകളുടെ തരിശ്ശുനിലങ്ങളിൽ നങ്കൂരമിട്ടിരിക്കുന്ന പുരുഷൻമാരുടെ സാമുദായിക-കുടുംബ കാഴ്ചപ്പാടുകൾ വിമർശിക്കപ്പെടേണ്ടതാണ്. ലിംഗപരമായ ആധിപത്യങ്ങൾ നിലനിൽക്കുന്ന എല്ലാ സാമുദായിക ധാരകളും സ്ത്രൈണതയാർന്ന ഒരു സ്ത്രീസങ്കൽപ്പമാണ് പങ്കുവയ്ക്കുന്നത്. ലിംഗവിവേചനത്തിന്റെ അതിർത്തിരേഖ മുറിച്ചുകടന്ന, കടക്കുന്ന, കടക്കാൻ ശ്രമിക്കുന്ന സ്ത്രീകളെല്ലാം തന്നെ പ്രബല സമുദായമേലാളൻമാർക്ക് ഒരു ഭീഷണിയാണ്. അവരുടെ സംഘടനാ സംവിധാനത്തിൽ തന്നെ ഇതിന്റെ പ്രതിഫലനം നമുക്ക് കാണാൻ കഴിയും. നിരാശജനകമെന്ന് പറയട്ടെ, 90-കളിൽ രൂപംകൊണ്ട പുതിയ സ്വത്വവാദരാഷ്ട്രീയത്തിനും ഒരു വേറിട്ട സാമുദായിക-കുടുംബ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കാനായില്ല. സമകാലിക കേരള സമൂഹത്തിലെ ചലനാത്മകമായ മാറ്റങ്ങളെയൊന്നും പ്രതിഫലിപ്പിക്കാൻ കഴിയാത്തവിധം അവർ സ്വത്വങ്ങളെ അനക്കമറ്റതാക്കി. തലനരച്ച പുരുഷൻമാർക്ക് മാത്രം ഒഴിച്ചിടപ്പെട്ട സാമുദായിക നേതൃത്വയിടങ്ങൾ മലയാളി സ്ത്രീകൾ ഉന്നതവിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിലെത്തുന്നതിനെക്കുറിച്ചോ, മാറിയ പൊതുമണ്ഡലത്തെക്കുറിച്ചോ, സമുദായങ്ങളുടെ സാർവ്വലൗകികതയെക്കുറിച്ചോ ബോധ്യമില്ലാത്തവരായി തുടരുകയാണ്.

അതേസമയം, പുതിയ സ്വത്വരാഷ്ട്രീയാന്വേഷണങ്ങൾ നടത്തുന്ന പുരുഷബുദ്ധിജീവികളാകട്ടെ സ്വത്വങ്ങളെ ജഢീകരിക്കുന്ന സാമൂഹികവിശകലനമാണ് ഇക്കാര്യത്തിൽ നടത്തുന്നത്. അപക്വമായ ഇത്തരം വിധിനിർണ്ണയങ്ങൾ സാമൂഹിക ജീവിതത്തിന്റെ സങ്കീർണ്ണതയേയും ചലനാത്മകതയേയും വസ്തുനിഷ്ഠമായി മനസ്സിലാക്കുന്നതിന് തടസ്സമാവുകയും പ്രവചിതമായ സാമൂഹ്യശാസ്ത്ര നിർവ്വചനങ്ങളിൽ നമ്മെ തളച്ചിടുകയും ചെയ്യും. 90-കളിൽ രാഷ്ട്രീയ നവീകരണത്തിന് ശ്രമിച്ച താരതമ്യേന ഭേദപ്പെട്ട സാമുദായിക നേതാക്കൾ പോലും മറിച്ചൊരു രീതിയിൽ ചിന്തിക്കാനുള്ള സാധ്യതയുടെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രൂപ്പുകളിൽ നിന്നുള്ള പ്രതിനിധാനങ്ങൾ റജീനയെ തേജോവധം ചെയ്തതിൽ ഒട്ടുമേ ആശ്ചര്യപ്പെടാനില്ല! അതിനാൽ, സമുദായത്തെ ജനാധിപത്യവത്കരിക്കുന്നതിനുള്ള റജീനയുടെ ശ്രമത്തെ 'മുസ്ലീം സ്ത്രീയെ ആക്രമിക്കുന്ന മുസ്ലീം പുരുഷൻമാർ' എന്ന് മാത്രം ചുരുക്കിക്കാണരുത്. മാറിവരുന്ന സങ്കീർണ്ണമായ സാമൂഹ്യസാഹചര്യങ്ങളുടെ നീതിപൂർണ്ണമായ വിശകലനമാണ് ജനാധിപത്യവൽകരണത്തിലൂടെ സാധ്യമാകേണ്ടത്.

*(കടപ്പാട്: ദ ഹിന്ദു, പരിഭാഷ: സബ്ന)* ■